"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആഭ്യന്തര വകുപ്പ് - പോലീസ് വകുപ്പ് - കോഴിക്കോട് സിറ്റി പോലിസ് യൂണിറ്റിലെ കസബ പി.എസ് ക്രൈം കേസിന്റെ അന്വേഷണത്തിന്റെ ഭാഗമായി സിഡാക്കിൽ പരിശോധന നടത്തുന്നതിന് തുക അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആഭ്യന്തര (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.1479/2026/HOME തീയതി,തിരുവനന്തപുരം, 28-04-2026

പരാമർശം:- സംസ്ഥാന പോലീസ് മേധാവിയുടെ 28.10.2025 തീയതിയിലെ എൻ4-196217/2025/പി.എച്ച്.ക്യു. നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് സിറ്റി പോലിസ് യൂണിറ്റിലെ കസബ പി.എസ് Cr. No 539/21, 540/21, 541/21, 542/21, 543/21 കേസുകളുടെ അന്വേഷണവുമായി ബന്ധപ്പെട്ട്, പിടിച്ചെടുത്ത ഗേറ്റ്‌വേ ഉപകരണങ്ങൾ (സിം ബോക്സുകൾ) ഫോറൻസിക് പരിശോധനയ്ക്കായി തിരുവനന്തപുരത്തെ സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് (CDAC) ലേക്ക് അയച്ചു നൽകിയിട്ടുള്ളതായും, കസബ പി.എസ് ക്രൈം നം. 541/21 കേസിന്റെ മെറ്റീരിയൽ ഒബ്ജക്ടുകളുടെ വിശകലനത്തിനും, റിപ്പോർട്ട് തയ്യാറാക്കലിനും വേണ്ടി 1,01,038/- രൂപയും, കസബ പി.എസ് ക്രൈം നം. 539/21, 540/21, 542/21 & 543/21 എന്നീ കേസുകളുടെ പരിശോധനയ്ക്കായി 2,87,360/- രൂപയും അടയ്ക്കാനുണ്ടെന്നും സി-ഡാക്കിൽ നിന്നും ബഹു. കോഴിക്കോട് ജെ.എഫ്.സി.എം. III കോടതിയെ അറിയിച്ചിട്ടുള്ളതായും പരാമർശിത കത്ത് പ്രകാരം സംസ്ഥാന പോലീസ് മേധാവി അറിയിച്ചിരുന്നു. ആയതിനാൽ പ്രസ്തുത കേസുകളുടെ പരിശോധനയ്ക്കായി സി-ഡാക്കിന് നൽകുന്നതിനായി 3,88,398/- രൂപ അനുവദിക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ള വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ, കസബ പി.എസ് ക്രൈം നം.541/21 കേസിന്റെ മെറ്റീരിയൽ ഒബ്ജക്ടുകളുടെ വിശകലനത്തിനും, റിപ്പോർട്ട് തയ്യാറാക്കലിനും വേണ്ടി 1,01,038/- രൂപയും, കസബ പി.എസ് ക്രൈം നം. 539/21, 540/21, 542/21 & 543/21 എന്നീ കേസുകളുടെ പരിശോധനയ്ക്കായി 2,87,360/-രൂപയും ഉൾപ്പെടെ ആകെ 3,88,398/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം), ചെലവുകൾ ബജറ്റ് പ്രൊവിഷൻ ഉപയോഗപ്പെടുത്തി നിർവ്വഹിയ്ക്കണം എന്ന നിബന്ധനക്കു വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് മാത്യു

അണ്ടർ സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (28.03.2026 ലെ (ഇ.3450165): വ്യയം-എ3/182/2026-ധന പ്രകാരം)
ഡയറക്ടർ, ഐ&പിആർഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Divya R S
Date: 28-04-2026 12:30:57
സെക്ഷൻ ഓഫീസർ